AKPCTA

കേരള
പ്രൈവററ് കോളേജ് ടീച്ചർ

1983 നവമ്പർ

---

ഗാന്ധിജി
യൂണിവേഴ്സിററി
ഓർഡിനൻസ്
അധ്യാപകവിരുദ്ധം

---

# ഗോപാലൻ നമ്പൂതിരി അന്തരിച്ചു



അതീവ ദുഃഖത്തോടെയാണ് ഞങ്ങൾ ഈ കുറിപ്പെഴുതുന്നത്. എ. കെ. പി. സി. ടി. എ. പന്തളം കോളേജ് ബ്രാഞ്ച് സെക്രട്ടറി പ്രൊഫ. പി. എൻ. ഗോപാലൻ നമ്പൂതിരി (52) നവംബർ 20-ാം തീയതി വെളുപ്പിന് എറണാകുളം ലിസി ആശുപത്രിയിൽ വച്ച് ഹൃദയസംബന്ധമായ അസുഖംമൂലം അന്തരിച്ചു.

അപ്രതീക്ഷിതമായി സംഭവിച്ച ഈ മരണം സംഘടനാപ്രവർത്തകരെ ആകമാനം ദുഃഖിതരാക്കി. എപ്പോഴും സംഘടനയെക്കുറിച്ചു ചിന്തിച്ചിരുന്നയാളാണ് പ്രൊഫ.നമ്പൂതിരി. സ്നേഹനിർഭരമായ പെരുമാററംകൊണ്ട് അധ്യാപകരെ സംഘടനയിലേയ്ക്ക് ആകർഷിക്കാൻ അദ്ദേഹത്തിന് പ്രത്യേകമായ കഴിവുണ്ടായിരുന്നു. സ്വന്തം ബന്ധുജനങ്ങളെപ്പോലെ അസോസിയേഷൻ അംഗങ്ങളെ അദ്ദേഹം കണ്ടിരുന്നു.

സംഘടന നടത്തിയിട്ടുള്ള അവകാശ സമരങ്ങൾ വിജയിപ്പിക്കാൻ, ഒട്ടധികം കഷ്ടനഷ്ടങ്ങൾ സഹിച്ചുകൊണ്ട് അദ്ദേഹം നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ഞങ്ങളോർക്കുന്നു. മാനേജുമെന്റിന്റെ ദുർന്നയങ്ങളെ നിർഭയം അദ്ദേഹം ചെറുത്തു. അതിൻെറ പേരിൽ എത്രയെത്ര സ്ഥലം മാററങ്ങളുണ്ടായി! ഒററപ്പാലം, ധനവച്ചപുരം, നിലമേൽ, പന്തളം — ഇങ്ങനെ അസൗകര്യമായ സ്ഥലങ്ങളിലേയ്ക്ക് ഒന്നിലധികം തവണ മാനേജ്മെൻറ് അദ്ദേഹത്തെ മാററി. അപ്പോഴൊക്കെ സ്വന്തം വിശ്വാസത്തിൻെറ ഉൾക്കരുത്തിൽ ഉറച്ചുനിൽക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

എക്കാലവും എ.കെ.പി.സി.ടി.എ. പ്രവർത്തകരുടെ മനസിൽ അദ്ദേഹം ജീവിക്കും. അദ്ദേഹത്തിൻെറ വേർപാടിൽ മനംനൊന്തുകഴിയുന്ന ഭാര്യ രാജമ്മ, മക്കൾ സാജൻ, അജി, ദീപു എന്നിവരുടെ തീരാദുഃഖത്തിൽ ഞങ്ങളും പങ്കുചേരുന്നു.

—എ.കെ.പി.സി.ടി.എ. പ്രവർത്തകർ

# കേരള പ്രൈവററ് കോളേജ് ടീച്ചർ

മാസിക

പത്രാധിപ സമിതി

ചെയർമാൻ
എം. ആർ. ചന്ദ്രശേഖരൻ

ചീഫ് എഡിററർ
വി. എൻ. മുരളി

അംഗങ്ങൾ: എന്റ്. എം. ജോസഫ്, എം. കെ. ചിണ്ണൻകുട്ടി, തോളൂർ ശശിധരൻ, ആർ. ശശിധരൻ, വി. നാരായണൻകുട്ടി, ടി. ഗോപാലകൃഷ്ണൻ, പി. ജെ. മാത്യു.

നവമ്പർ 1983 | നമ്പർ 48 | വില 1 രൂപ | വാർഷിക വരിസംഖ്യ 10 രൂപ

അഖിലകേരള പ്രൈവററ് കോളേജ് അധ്യാപക സംഘടനയുടെ മുഖപത്രം


## കുറിപ്പുകൾ

എം. ആർ. സി.

# ഗാന്ധിജി യൂണിവേഴ്സിററി ഓർഡിനൻസ് നിയമമാക്കുമ്പോൾ

കോട്ടയത്തെ ഗാന്ധിജി യൂണിവേഴ്സിററിയുടെ പിറവി ഏറിയ അനുകൂല-പ്രതികൂലാഭിപ്രായങ്ങളുടെ മധ്യത്തിൽ ആണ് ഉണ്ടായത്. കേരളത്തിലെ മൂന്നാമത്തെ അഫിലിയേററിംഗ് യൂണിവേഴ്സിററി നിലവിൽ വന്നു കഴിഞ്ഞു. ഒക്ടോബർ 26.ാം തീയതി രാഷ്ടപതി സെയിൽസിംഗ് ഔപചാരികമായി യൂണിവേഴ്സിററി ഉൽഘാടനം ചെയ്തു. കേരളത്തിലെ ഉപരിവിദ്യാഭ്യാസമണ്ഡലത്തിൽ തനതായ വ്യക്തിത്വമുള്ളൊരു മഹാപ്രസ്ഥാനമായി ഗാന്ധിജി യൂണിവേഴ്സിററി അതിന്റെ സ്ഥാനമുറപ്പിയ്ക്കുമെന്ന് നമുക്ക് വിശ്വസിക്കാം.

ഇത്തരുണത്തിൽ, പ്രസ്തുത യൂണിവേഴ്സിററി സംബന്ധിച്ച് ഗവൺമെണ്ട് പുറപ്പെടുവിച്ച ഒർഡിനൻസിനെപ്പററി ഉപരിവിദ്യാഭ്യാസകാര്യങ്ങളിൽ തല്പരരായിട്ടുള്ളവർക്കാകെയും, കോളേജധ്യാപകർക്ക് വിശേഷിച്ചും ഉണ്ടായിട്ടുള്ള ആശങ്കയെപ്പററി എടുത്തു പറയാതെവയ്യ. സർവ്വകലാശാലകളുമായി ബന്ധപ്പെട്ട ജനാധിപത്യ പ്രക്രിയയ്ക്ക് ഹാനിയുണ്ടാക്കുന്ന വ്യവസ്ഥകളാണ് ഓർഡിനൻസിൽ ഉൾപ്പെടുത്തിക്കാണുന്നത്. അധ്യാപകരെ അതേ, കോളേജധ്യാപകരെ തന്നെ, ശത്രുക്കളായി പ്രഖ്യാപിച്ച് പിടിച്ചുകെട്ടി തണ്ടുവലിശിക്ഷയ്ക്ക് വിധിയ്ക്കുന്ന ഒരു

മനോഭാവം ഓർഡിനൻസിൽ കാണുന്നു. കോട്ടയം യൂണിവേഴ്സിററി ഉൽഘാടനാവസരത്തിൽ ബഹു: വിദ്യാഭ്യാസമന്ത്രി ശ്രീ ടി. എം. ജേക്കബ് ചെയ്ത പ്രസംഗത്തിൽ, ''യൂണിവേഴ്സിററിസ്വയംഭരണസ്വഭാവവും ജനാധിപത്യ ഘടനയും ഗവൺമെൻറ് ഉയർത്തിപ്പിടിക്കു മെന്നും'' അക്കാദമിക് കാര്യങ്ങളിൽ ഒരിക്കലും ഗവൺമെൻറ് കൈകടത്തില്ല'' എന്നും പ്രസ്താവിച്ചതായി കാണുന്നു. ബഹു. മന്ത്രിയുടെ പ്രസ്താവന ആശ്വാസകരമാണ്. എന്നാൽ, ഓർഡിനൻസിലെ വ്യവസ്ഥകൾ ഒട്ടും ആശ്വാസം നൽകുന്നതല്ല. ഓർഡിനൻസ് നിയമമാക്കുന്ന അവസരത്തിൽ, ഓർഡിനൻസിൽ കടന്നുകൂടിയിട്ടുള്ള ജനാധിപത്യ—സ്വയംഭരണ നിഷേധപരവും അധ്യാപകദ്രോഹകരവും ആയ എല്ലാപരിഛേദങ്ങളും പിൻവലിക്കപ്പെടുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. അതിനായി, ഗവൺമെൻറിനോടും വിശിഷ്യാ, ബഹു. വിദ്യാഭ്യാസ മന്ത്രിയോടും അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

കേരളത്തിൽ മററുരണ്ട് അഫിലിയേററിംഗ് യൂണിവേഴ്സിററികളാണുള്ളത്. അവയെ സംബന്ധിച്ച ആക്ടുകളുണ്ട്. ദീർഘകാലത്തെഉല്പതിഷ്ണുത്വപരമായ പരിവർത്തനത്തിലൂടെയും അതിൻെറ സൽഫലമായുമാണ് ആ നിയമങ്ങൾ രൂപം കൊണ്ടത്. 1969—ൽ പാസ്സാക്കിയ യൂണിവേഴ്സിററി നിയമമാണ് ആരണ്ടു ആക്ടുകളിലെയും മുഖ്യാംശമായി ഇപ്പോഴും നിലനിൽക്കുന്നതും. യൂണിവേഴ്സിററികളുടെ ജനാധിപത്യപരമായസ്വയംഭരണാവകാശത്തിൻെറ തത്വങ്ങളെ ആ നിയമങ്ങൾ ഉയർത്തിപ്പിടിക്കുന്നു. അധ്യാപകർക്ക് അനേകം പരിരക്ഷകളും അവകാശങ്ങളും ആ നിയമം നൽകിയിട്ടുണ്ട്. അവയൊക്കെ ഒററയടിക്ക് എടുത്തുകളയുന്നു എന്നതാണ് ഗാന്ധിജി യൂണിവേഴ്സിററിനിയമത്തിൻെറ ഒരേ ഒരു വിശേഷം. മറെറല്ലാം കേരള—കാലിക്കററ് നിയമങ്ങൾപോലെതന്നെ. കോട്ടയം ഗാന്ധിജി യൂണിവേഴ്സിററി ഓർഡിനൻസിൽ 'ഗവൺമെൻറ് പുതിയതായി എന്തെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടോ, അതൊക്കെയും അസ്ഥാനത്തും അധികപ്പററും ആക്ഷേപകരവും ആകുന്നു. അവ സംബന്ധിച്ച വിശദവിവരണം അന്യത്ര ചേർത്തിട്ടുണ്ട്. യൂണിവേഴ്സിററി സ്വയംഭരണ തത്വത്തിനും അധ്യാപകരുടെ താല്പര്യത്തിനും ഹാനികരമായിട്ടുള്ളഎല്ലാ ദുർവ്യവസ്ഥകളും ഗവൺമെൻറ് പിൻവലിക്കണം. മുകളിൽചേർത്ത ബഹു. വിദ്യാഭ്യാസ മന്ത്രിയുടെ പ്രസ്താവനയിൽവ്യക്തമാക്കിയിട്ടുള്ള മനോഭാവത്തിന് ഇണങ്ങുന്ന കാര്യങ്ങൾ മാത്രമാണ്ഞങ്ങൾ ആവശ്യപ്പെടുന്നത്. യൂണിവേഴ്സിററി സ്ഥാപനം ആളുകളെ പൊതുവിൽ ആഹ്ലാദിപ്പിക്കേണ്ട ഒരു കാര്യമാണ്. പുത്തരിയിലേകല്ലുകടിച്ചെന്ന് ആളുകൾക്ക് തോന്നാൻ ഇടവരുത്തരുത്. ഉപരി വിദ്യാഭ്യാസ മണ്ഡലത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നത് ആ രംഗത്ത് പ്രവർത്തിക്കാൻ ആയുസ്സ് ഉഴിഞ്ഞുവച്ചിട്ടുള്ള അധ്യാപകരെ വിശ്വാസത്തിലെടുത്തുകൊണ്ടുവേണം. കാലോചിതമായ ജനാധിപത്യമൂല്യങ്ങളെ ചവിട്ടിമെതിക്കുന്നതും നന്നല്ലല്ലോ. ഈ മാർഗ്ഗത്തിൽ സത്വരമായ ഒരു വീണ്ടാലോചന അധികാരസ്ഥൻമാരിൽ ഉടനുണ്ടാകണം. നിയമസഭയിൽ ഓർഡിനൻസ് ബില്ലായിഅവതരിപ്പിക്കുമ്പോൾ തന്നെ അതു സംബന്ധിച്ച ഒരുറപ്പ്, ഗവൺമെൻറിൽ നിന്ന് നമുക്ക് എത്രയും വേഗം ലഭിക്കുകയും വേണം.

## സ്ക്രീനിംഗ് കമ്മിററി പോകണം

പറഞ്ഞതു പോലെ, ആശങ്കിച്ച പോലെ തന്നെപററി. ആ കമ്മിററി വഴിമുടക്കായി. 1983 ഫെബ്രുവരി 23—നാണ് കൂടിയാലോചന നടന്നത്. 24 ൻെറ ക്യാബിനററ് യോഗം തീരുമാനമെടുത്തു. പതിവു വിളംബരമില്ലാതെ കല്പനയുണ്ടായി. എന്നിട്ടുമിതുവരെയും നോൺകാഡർ ഒന്നാം ഗ്രേഡ് പ്രൊഫസർ സ്ഥാനം ആർക്കും ലഭിച്ചില്ല. സ്ക്രീനിംഗ്കമ്മിററി പോലും ആയിക്കഴിഞ്ഞില്ല. അത് പൂർണ്ണമായി നിലവിൽ വന്ന് ജോലി തുടങ്ങുമ്പോൾ ഇനിയെന്തെല്ലാം തടസ്സങ്ങളും വിളംബഹേതുക്കളും ഉണ്ടാവില്ല ! ഇത് ഓർക്കുന്തോറും വലിയ വ്യാകുലതയ്ക്ക് കാരണമായിത്തീരുന്ന ഗവൺമെൻറ് നൽകി. അധ്യാപകർ കൈനീട്ടി. എന്നാൽ, അവരിപ്പോഴും കൈനീട്ടി നിൽക്കുകതന്നെ. മാസം

മവതു കഴിഞ്ഞില്ലേ? ഒരു കടിഞ്ഞൂൽപ്രസവത്തിന് ഇത്രയും കാലം മതി. ആരാണ് തെററുകാർ ? ആരാണ് കബളിപ്പിച്ചത് ? ആരാണ് ഉത്തരവാദിത്വബോധമില്ലാതെപെരുമാറിയത് ? എന്തുകൊണ്ടാണ് ഗവൺമെൻറ് ശുഷ്കാന്തി കാണിയ്ക്കാത്തത് ? ഞങ്ങൾ ആദ്യമേ പറഞ്ഞു, ഇത് ഒരു കരുക്കാണെന്ന്. ഇത് ആളുകളെ ആശാപാശക്കെട്ടിൽ കുടുക്കി വലിയ്ക്കുകയേ ഉള്ളു. ഫലം ചെയ്യില്ല. ഞങ്ങൾക്കു തോന്നുന്നത്, ഗവൺമെൻറിനും അതിപ്പോൾ ബോധ്യമായിരിക്കണമെന്നാണ്. സ്ക്രീനിംഗ് കമ്മിററി ദോഷമാണെങ്കിൽ അത് വേണ്ടെന്ന് വയ്ക്കാമെന്ന് ബഹു. വിദ്യാഭ്യാസമന്ത്രി വാഗ്ദാനം നൽകിയിട്ടുള്ളതാണ്. ആ വാഗ്ദാനം നിറവേററാൻ സമയമായി. ഇനിയും അതിനു താമസിക്കരുതേ എന്നാണ് ഞങ്ങൾക്ക് അഭ്യർത്ഥിക്കാനുള്ളത്.

## കൊളേജിയററ് വകുപ്പ്

കൊളേജിയററ് വകുപ്പിനെക്കൊണ്ട് പ്രൈവററ് കോളേജധ്യാപകർ വലഞ്ഞു പ്രൈവററ് കോളേജധ്യാപകർക്ക് ശമ്പളം നൽകാനാണ് മൂന്ന് ഡെപ്യൂട്ടിഡയറക്ടർ തസ്തികളും കൊല്ലത്തും തൃപ്പൂണിത്തുറയും കോഴിക്കോട്ടും അവർക്ക് ആപ്പീസുകളും ഉണ്ടാക്കിയത്. ഗവൺമെൻറ് കോളേജധ്യാപകർക്ക് 3 പ്രൊമോഷൻ പോസ്ററുകൾ ലഭിച്ച. ഗവൺമെൻറ് കൊളേജിയററ് വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗത്തിന് സുലഭമായി പ്രൊമോഷനും തരപ്പെട്ടു അവരൊക്കെ സ്ഥാനമാനങ്ങൾനേടി സുഖിച്ചുല്ലസിക്കുന്നു ! എന്നിട്ടുമിപ്പോഴും, പഴഞ്ചൊല്ലിൽ പറഞ്ഞപോലെ, കോരനു കുമ്പിളിൽത്തന്നെ കഞ്ഞി. പ്രൈവററ് കോളേജധ്യാപകർക്ക് ശമ്പളംസമയത്തു കിട്ടുന്നില്ല. അതിനെപ്പററി പറയാൻ ചെന്നാൽ, ഈ ആപ്പീസുകാർ കാണിക്കുന്നതമ്പുരാൻ മനസ്ഥ തി ദുസ്സഹമാകുന്നു. ആപ്പീസ്സിൽ കടന്നു പോകരുതെന്ന് ചട്ടംവെച്ചിട്ടുള്ളവർ ഉണ്ട്. എന്തുചെയ്താലും സ്വന്തം ജോലിചെയ്യില്ലെന്ന് വ്രതമെടുത്തിരിക്കുന്ന ആപ്പീസ്സുകാർ ഡെപ്യൂട്ടിഡയറക്ടർ ആപ്പീസ്സുകളിൽ ഉണ്ട്. അവരെക്കൊണ്ട് ജോലി ചെയ്യിക്കാനുള്ള ചങ്കൂററമില്ലാത്ത ഡെപ്യൂട്ടിഡയറക്ടർമാർ ആ തസ്തികയിൽ ചടഞ്ഞിരിക്കുന്നത് അവർക്കും കൊളേജിയററ് വകുപ്പിനും നാണക്കേടാണ്. ഏററവും അക്ഷന്തവ്യമായിട്ടുള്ളത്, ആ തസ്തികയെ പ്രൊമോഷൻ ചവിട്ടുപടി മാത്രമായി കാണുന്ന ചിലരുടെ പെരുമാററരീതിയാണ്. ഡെപ്യൂട്ടിഡയറക്ടറായിചാർജ്ജെടുത്ത് ഉടൻ ലീവെടുത്തു പോകുന്ന സംഭവങ്ങൾ വിരളമല്ല. പുറകെവരുന്നവരും അങ്ങനെ തന്നെ. ഡെപ്യൂട്ടി ഡയറക്ടർ ആപ്പീസ്സുകളിൽ അക്കൗണ്ടസ് ആപ്പീസർമാരുടെ സ്ഥിരംഭരണമാണ് ചിലടത്തുള്ളത്.

മാസാരംഭത്തിൽ നിശ്ചിത തീയതിക്ക് പ്രൈവററ് കോളേജ് അധ്യാപകർക്ക് ശമ്പളം കിട്ടുന്നില്ല. സപ്ലിമെൻററി, ബില്ലുകൾ ഡെപ്യൂട്ടി ഡയറക്ടർ ആപ്പീസ്സിൽ നിന്ന് പാസ്സായികിട്ടുക എളുപ്പമല്ല. പി. എഫ്. ലോൺ അപേക്ഷവച്ചു വൃഥാതാമസിപ്പിക്കുന്നു. ശമ്പളപരിഷ്ക്കാരങ്ങളുമായി ബന്ധപ്പെട്ട കുടിശ്ശികകൾ കെട്ടിക്കിടക്കുന്നു. മാസാവസാനത്തിൽ, ബില്ല് പരിശോധിക്കാനും ഒപ്പിടാനും ആളില്ലാതെ കസേരഒഴിച്ചിട്ട് ആപ്പീസർമാർ ലീവെടുത്തു പോകുന്ന ദൃഷ്ടാന്തങ്ങൾ അപൂർവ്വമല്ല. ഇതിനൊക്കെ എന്താണൊരു പരിഹാരം ? ഇതെത്രകാലം പ്രൈവററ് കോളേജധ്യാപകർ സഹിച്ചുകൂടണം ? കൊളേജിയററ് ഡയറക്ടർ കണ്ണുതുറക്കാതെ പററില്ല. സെക്രട്ടറിയേററിലെ വകുപ്പു സെക്രട്ടറി ഇതറിയണം. ബഹു. വിദ്യാഭ്യാസമന്ത്രി ഇതിനെപ്പററി അന്വേഷിക്കണം. സരളമായ മാർഗ്ഗങ്ങൾ നിർദ്ദേശിച്ച് പ്രൈവററ് കോളേജധ്യാപകരെ ഈ നിത്യപീഡനത്തിൽ നിന്ന് മോചിപ്പിക്കണം.

—പ്രൈവററ് കോളേജധ്യാപകർക്ക് ശമ്പളം ട്രഷറിയിൽനിന്ന് എഴുതി വാങ്ങാൻ അവകാശം നൽകുക.

—പ്രൈവററ് കോളേജുകളിലെ ശമ്പളബില്ലുകൾ തയ്യാറാക്കി പണം ട്രഷറിയിൽ നിന്ന് വാങ്ങൻ കോളേജുപ്രിൻസിപ്പാൾമാരെ അധികാരപ്പെടുത്തുക.

—ജില്ലതോറും, പ്രൈവററ് കോളേജധ്യാപ

കരുടെ ശമ്പള ബില്ലുകളും മററും പാസ്സാക്കിക്കൊടുക്കാനുള്ളു ചെറുകിട ആപ്പീസുകരം സ്ഥാപിച്ച് ഡെപ്യൂട്ടിഡയറക്ടർ ആഫീസുകരം പിരിച്ചു വിടുക.

—ഓരോ പ്രദേശത്തും, ട്രഷറികളുമായി ബന്ധപ്പെടുത്തി, കോളേജുബില്ലുകരം പാസ്സാക്കാൻ വേണ്ട സംവിധാനമുണ്ടാക്കുക.

—ഏതു വിധേനയും വിപുലമായ വികേന്ദ്രീകരണം ആവശ്യപ്പെടുന്ന ഒരു പ്രശ്നമാണ് ഇത്. സ്കൂളുകളിൽ ഡയറക്ട പേമൻറ് അത്രവലിയ പ്രശ്നമാകാഞ്ഞത്, ശമ്പളം പാസ്സാക്കുന്ന ഉദ്യോഗസ്ഥൻമാരുടെ എണ്ണം അത്രയും വലുതും, ഓരോരുത്തരും കൈകാര്യം ചെയ്യേണ്ട സ്ഥാപനങ്ങളുടെ എണ്ണം ചെറുതും ആയതുകൊണ്ടാണ്. വികേന്ദ്രീകരണമേ ഒരു മാർഗ്ഗമുള്ളൂ. ലക്ചറർക്ക് തുല്യമായ തസ്തികയിൽ ജില്ലതോറും ശമ്പളവിതരണത്തിന് ഉദ്യോഗസ്ഥൻമാരെ നിയമിച്ച് ചെറിയ ആപ്പീസ്സുകരം സ്ഥാപിച്ചാൽ പ്രശ്നത്തിനു പരിഹാരമാവും. എന്തു ചെയ്യുന്നതും, എത്രയും സത്വരമായിട്ടുതന്നെ വേണം. ക്ഷമ നെല്ലിപ്പടി കണ്ടുനില്ക്കുകയാണ്. നിവേദനങ്ങളും സത്യഗ്രഹങ്ങളും കൊണ്ട് പ്രശ്നങ്ങരംക്ക് പരിഹാരമുണ്ടാകുന്നില്ല. കൊളിജിയേററ് ഡെപ്യൂട്ടി ഡയറക്ടർ ആപ്പീസുകളുടെ അനുഭാവ ശൂന്യത അനുക്രമം വർദ്ധിച്ചുവരുന്നതായിട്ടാണനുഭവം. തങ്ങളെ എന്തിനാണ് ഒരാപ്പീസ്സായി സ്ഥാപിച്ചു വച്ചിട്ടുള്ളതെന്ന് ആലോചിക്കാനുള്ള ബുദ്ധിയോ വിനയമോ കർത്തവ്യ ബോധമോ ഇല്ലാത്തവരാണ് ആപ്പീസ്സിൽ വാഴുന്നവരിൽ വലിയൊരു വിഭാഗം. വെളുക്കാൻ തേച്ചതുപാണ്ടായി എന്ന ചൊല്ലിൽ ഒതുങ്ങാത്തതാണ് പ്രൈവററ് കോളേജ് അധ്യാപകരുടെ ഡയറക്ട പേമെൻറ് ദുർവിധി. വിദ്യാഭ്യാസ വകുപ്പും ബഹു. വിദ്യാഭ്യാസ മന്ത്രിയും ഇതിന് പരിഹാരമുണ്ടാക്കാൻ ഒട്ടുമിനി താമസിച്ചുകൂടാ.

# മെമ്പർഷിപ്പ്

ഇനിയും മെമ്പർഷിപ്പ് തുക അടച്ചിട്ടില്ലാത്തവർ എത്രയും വേഗം ട്രഷററർക്ക് അയയ്ക്കുക.

മേൽവിലാസം:

Prof. M. K. Chindan Kutty
Sir Syed College
Thalipparambu
Cannanore

# ജൂബിലി ആഘോഷം

ഈലക്കം ജേർണൽഅധ്യാപക സുഹൃത്തുക്കളുടെ കയ്യിലെത്തുമ്പോഴേക്കും കോഴിക്കോട്ടെജൂബിലിയാഘോഷത്തിൻെറ അരങ്ങ് ഒരുങ്ങിയിരിക്കും. ജൂബിലി സംബന്ധിച്ച് കണ്ണൂർ, കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലയിലെ എ. കെ. പി. സി. ടി. എ. അംഗങ്ങരംക്ക് രണ്ട് വിധം ചുമതലയുണ്ട്. ഒന്ന് ആഘോഷത്തിൻെറ ചെലവിലേയ്ക്ക് തങ്ങരം നൽകാനുള്ള വിഹിതം നൽകുക. ആതിഥേയ ജില്ലകളിലെ ഒരോ എ. കെ. പി. സി. ടി. എ. അംഗവും 15 ക വീതം ജൂബിലി സ്വാഗതസംഘം ഫണ്ടിലേക്കു നൽകണം. മേല്പറഞ്ഞ നാലു ജില്ലകരം ആതിഥേയ ജില്ലകരം ആണ്. അവരുടെ രണ്ടാമത്തെ കർത്തവ്യം തങ്ങളുടെ സാനിധ്യം കൊണ്ട് ജൂബലി ആഘോഷത്തെ സമ്പന്നമാക്കുകയാണ്. സ്വാഗതസംഘത്തിൻെറ ചുമതലകരം നിർവ്വഹിക്കുന്നതിൽ ഒരോ അധ്യാപകനുംഭാഗഭാക്കാവണം.

നാലുവടക്കൻ ജില്ലകളിൽ ജൂബിലിപ്രവർത്തനം ഒരുതുങ്ങുന്നില്ല. ഡിസംബർ 11 ൻെറ കോഴിക്കോട്ടെ ആഘോഷങ്ങളിൽ കേരളത്തിൻെറഎല്ലാഭാഗത്തു നിന്നും, എല്ലാ കോളേജിൽ നിന്നും അധ്യാപകർ പങ്കുകൊള്ളണം. നമ്മുടെ വൻതോതിലുള്ള ഒന്നിച്ചു ചേരലാണ് ഏററവും വലിയ ആഘോഷം നമുക്ക് ഒന്നിച്ചു ചേരാനുള്ള അസുലഭമായ ഒരവസരമാണ് ജൂബിലി എല്ലാ എ. കെ.

(ശേഷം 8—ാം പേജിൽ)

# A.K.P.C.T.A. ജൂബിലി ആഘോഷം

## ഒരു പ്രത്യേക അറിയിപ്പ്

സുഹൃത്തുക്കളേ,

1. ഡിസംബർ 11 ന് എ. കെ. പി. സി. ടി. എ യുടെ രജതജൂബിലി നാം കോഴിക്കോട്ട് ആഘോഷിക്കുകയാണല്ലോ. പ്രസ്തുത ആഘോഷം നമുക്ക് എന്നെന്നും ഓർക്കാവുന്ന അഭിമാനകരമായ ഒരു മഹാ സംഭവമാക്കണമെന്ന് നമ്മുടെ സംഘടനയിലെ എല്ലാ അംഗങ്ങളോടും അഭ്യർത്ഥിക്കാനാണ് ഞാനിത് എഴുതുന്നത്. ജൂബിലി പരിപാടി കോഴിക്കോട്ടെ സ്വാഗതസംഘം യഥാസമയം അയച്ചുതരുന്നതാണ് ജൂബിലി വിജയിപ്പിക്കാൻ അസോസിയേഷൻ അംഗങ്ങൾ, ഉത്തര കേരളഭാഗത്തുള്ളവർ, എല്ലാരും തന്നെ കോഴിക്കോട്ട് എത്തണം. ദക്ഷിണകേരളഭാഗത്തുള്ള ഓരോ ബ്രാഞ്ചും ജനറൽ ബോഡി വിളിച്ചുകൂട്ടി, കോഴിക്കോട്ട് ആരൊക്കെ പോകണമെന്ന് നിശ്ചയിക്കുകയും, യാത്രയുടെ ചെലവ് സംബന്ധിച്ച വ്യവസ്ഥ ഉണ്ടാക്കുകയും, യാത്രാ പരിപാടികൾ മുൻകൂട്ടി പ്ലാൻ ചെയ്യുകയും വേണം. സന്മനസുള്ളവർ പോകട്ടേ എന്ന ഒരൊഴുക്കൻ നയം, ഒരു ഭാഗത്തും, പാടില്ല.

2. ജൂബിലി ആഘോഷം നമ്മുടെ സംഘടനയോടു നമുക്കുള്ള ഗാഢസംബന്ധം തെളിയിക്കുന്ന അവസരമാണ്. നാം പിന്നിട്ടു പോന്ന കാലങ്ങൾ; നമ്മുടെ ത്യാഗപൂർണ്ണമായ സമരങ്ങൾ; സമരങ്ങളിലുണ്ടായ നഷ്ടകഷ്ടങ്ങൾ, നേട്ടങ്ങൾ; ഒരവകാശവും ഒരധികാരവും തൊഴിലിന്ന് ഭദ്രതയും ഇല്ലാതിരുന്നആ പഴയ കാലത്തു നിന്ന്, സർവ്വീസിൽ പ്രവേശിച്ച് കൊല്ലം എത്തുന്ന തീയ്യതിക്ക് ജോലിയിൽ സ്ഥിരപ്പെടുന്നതു തൊട്ട്, ഇരുപതാം കൊല്ലം ഒന്നാം ഗ്രേഡ് നോൺ കാഡർ പ്രൊഫസ്സർ പ്രമോഷൻ വരേയുള്ള എല്ലാ ആനുകൂല്യങ്ങളും, ഡയറക്ട് പേമെൻറും പെൻഷനും ഉൾപ്പെടെ, ആട്ടോമാററിക് ആയി ലഭിക്കുന്ന ഇന്നത്തെ നാളുകൾവരെ നാം അഭിമുഖീകരിച്ച പല ദശാസന്ധികൾ- ഇവയിലൂടെയെല്ലാം വീണ്ടുമൊന്നു ജീവിക്കുക എന്നാണ് ജൂബിലി ആഘോഷത്തിൻെറ അർത്ഥം.

3. നാം പലതും നേടിയെങ്കിലും എല്ലാം നേടിക്കഴിഞ്ഞില്ല. ഇന്നത്തെ പ്രത്യേകമായ വെല്ലുവിളികൾ വേറെയുണ്ട്. യു. ജി. സി. സ്കെയിൽ സംബന്ധിച്ച നമ്മുടെ നിരാശത; ജൂനിയർ ലക്ചറർ തസ്തിക ഇനിയും പോയിക്കിട്ടാത്ത ദുഃഖം; പരീക്ഷാജോലി സംബന്ധിച്ച രണ്ടുമാസശമ്പളശിക്ഷ— ഇതൊക്കെ പഴയവ. കോട്ടയം ഗാന്ധിജി യൂണിവേഴ്സിററി ഓർഡിനൻസിൻെറ രൂപത്തിൽ ഇപ്പോൾ കോളേജധ്യാപകർക്കെതിരായി വന്നിട്ടുള്ള പുതിയആക്രമണങ്ങൾ— നമുക്ക് പ്രശ്നങ്ങൾ എത്രയോഉണ്ട്. എല്ലാം നേടി; ഇനിമേൽ സ്വസ്ഥമായിരിക്കാം എന്ന അലംഭാവം ആർക്കും പാടില്ല കോട്ടയംയൂണിവേഴ്സിററി ഓർഡിനൻസിലെ 69, 71, 88, 89 എന്നീ പരിഛേദങ്ങൾ പ്രൈവററ് കോളേജധ്യാപകരുടെ സർവ്വീസ് സുരക്ഷിതത്വത്തിൻെറ അന്തകനാണ്. യൂണിവേഴ്സിററി ഭരണത്തിൽ ജനാധിപത്യത്തിനും സ്വയംഭരണതത്വങ്ങൾക്കും തെരഞ്ഞെടുക്കപ്പെട്ട അക്കാഡമിക് — ബഹുജനപ്രതിനിധികൾക്കും ഒരു സ്ഥാനവും ഇല്ലെന്ന അവസ്ഥയും വരുന്നു. സംഘടിത അധ്യാപക പ്രസ്ഥാനത്തിന്ന് ഇതിനെ ചെറുക്കാതെ വയ്യ. അധ്യാപകരുടെ ജോലസ്ഥിരതയെ തൊട്ടുള്ള ഗവർമെൻറിൻെറ കളി നിർത്തുകതന്നെ വേണം.

(ശേഷം 29—ാം പേജിൽ)

(6-ാം പേജിന്റെ തുടർച്ച)

പി സി. ടി. എ യൂണിററുകളും ജൂബിലിയിൽ അധ്യാപകർ വലിയസംഘങ്ങളായി പങ്കെടുക്കാനുള്ള വിശദപരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കണം.

ജൂബിലി ആഘോഷം ജില്ലതോറും വേണ്ടതുണ്ട്. ഡിസംബർ 11 ന് തുടങ്ങുന്ന ജൂബിലിമാസം വിവധ ജില്ലകളിലെ ആഘോഷത്തിനുള്ളതാണ്. എ. കെ. പി. സി. ടി. എ. ജേർണ്ണലിന്റെ ജൂബിലി സ്പെഷ്യൽ ജൂബിലി മാസാവസാനത്തിൽ പ്രസിദ്ധീകരിക്കുന്നു. അതിലേയ്ക്ക് സ്വന്തം അനുഭവങ്ങളെ മുൻനിർത്തിയുള്ള ലേഖനങ്ങൾ, മററു സാഹിത്യ സൃഷ്ടികൾ എന്നിവ അയയ്ക്കേണ്ടത് ഓരോ അധ്യാപകന്റെയും ചുമതലയാണ്. അത്യാവശ്യം പരസ്യം ശേഖരിച്ചയയ്ക്കുകയും വേണം. പ്രയനത്തിന്റെ വിജയമാണ് ഏതു സംരംഭത്തിന്റെയും വിജയം. എ. കെ. പി. സി. ടി. എ. യും മറെറാരു വിധത്തിൽ അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ വിജയം നേടാനാവില്ല.

# എ.കെ.പി.സി.ടി.എ. ജൂബിലി

## ഇന്നലെയും ഇന്നും കോഴിക്കോട്ട് ഒന്നിക്കട്ടെ!

'1983 ഡിസംബർ 11 പ്രൈവററ് കോളേജ് അധ്യാപകർ എല്ലാവരും ഓർത്തുവയ്ക്കേണ്ട ഒരു ദിവസമാണ്. അന്നാണ് നമ്മുടെ ജൂബിലി. എ. കെ. പി. സി. ടി. എ. സ്ഥാപിച്ചിട്ട് 25 കൊല്ലം തികയുന്നു. പ്രൈവററ് കോളേജധ്യാപകരുടെ കഷ്ടതകളുടെ കൂരിരുട്ടിൽ ഭാവനാശാലികളും ദീർഘദർശികളും ദൃഢചിത്തരും ആയ നമ്മുടെ നേതാക്കൾ സംഘടനയുടെ ദീപം തെളിച്ചിട്ട് 25 കൊല്ലമായി. പ്രവർത്തനനിരതമായ 25 കൊല്ലങ്ങൾ!

എ. കെ. പി സി. ടി എ. പ്രൈവററ് കോളേജധ്യാപകർക്ക് വേണ്ടി നേടിയ കാര്യങ്ങൾ ഇവിടെ വിവരിക്കേണ്ടതില്ല. അതെല്ലാവരും അനുഭവിച്ചുവരുന്നതാണല്ലോ. അതൊക്കെ പക്ഷേ ചന്ദ്രനും സൂര്യനും ഉണ്ടായപ്പോൾ മുതൽക്കുള്ളതാണെന്ന് വിചാരിക്കുന്നവരുണ്ടാകും. ചരിത്രം അറിയാത്തവർ, പ്രൈവററ് കോളേജധ്യാപകർ എവിടന്നാണ് ആരംഭിച്ചതെന്ന് മനസ്സിലാക്കാത്തവർ, അവർ വളരെയേറെ പഠിക്കാനുണ്ട്. അവർക്ക് അതിന് ഒരവസരമാണ് ജൂബിലി.

ഇന്ന് കോളേജിൽ അധ്യാപകനായി ചേരുന്ന ഒരാൾക്ക് കൊല്ലം തികയുന്ന തീയതിക്ക് കൺഫർമേഷൻ ലഭിക്കുന്നു. മാനേജർ കല്പന നൽകിയില്ലെങ്കിലും കൺഫർമേഷൻ ലഭിക്കുവാൻ യൂണിവേഴ്സിററി നിയമത്തിൽ വ്യവസ്ഥയുണ്ട്. രണ്ടുകൊല്ലം തികയുന്ന തീയതിയ്ക്ക് ലക്ചറർ പ്രൊമോഷൻ ആട്ടോമാററിക്-അതേ-ആട്ടോമാററിക് പ്രെമോഷൻ. 13 കൊല്ലം തികയുന്ന തീയതിക്ക് നോൺകേഡർ രണ്ടാം ഗ്രേഡ് പ്രൊഫസർ സ്ഥാനം 20 കൊല്ലം തികയുന്ന ദിവസത്തേക്ക് നോൺകാഡർ ഒന്നാം ഗ്രേഡ് പ്രൊഫസർ തസ്തിക. സർവ്വോപരി ഡയറക്ട് പേമെൻറ്. നിയമദത്തമായ സർവ്വീസ് സുരക്ഷിതത്വം. പ്രൈവററ് കോളേജധ്യാപകനാവുക ഇന്ന് ഒരു ദുർവിധിയല്ല.

പാരിററി എന്ന വാക്ക് ഇന്ന് നമ്മുടെ നാവിൻതുമ്പത്തില്ല. അതിന് വേണ്ടി കേണു നടന്ന കാലങ്ങൾ ഉണ്ട്. ഗവൺമെൻറ് കോളേജധ്യാപകർക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ പ്രൈവററ് കോളേജിൽ എത്താൻ നീണ്ടനീണ്ട കൊല്ലങ്ങൾ വൈകി. പലപ്പോഴും അതെത്തിയതേഇല്ല. 1970ൽ ആണ് പാരിററി കല്പന ഉണ്ടായത്. അന്നുതൊട്ട് നമുക്ക് ഗവൺമെൻറിലെഏതുപരിഷ്ക്കാരാവുംഏതു ആനു

കൂല്യവും ഗവൺമെൻറ് കോളേജധ്യാപക രോടൊപ്പം ലഭിച്ചുകൊണ്ടിരിക്കുന്നു. പ്രൈവററ് കോളേജധ്യാപകർക്കുണ്ടായ ഏററവും വലിയ നേട്ടങ്ങളിൽ ഒന്നാണത്.

ഡയറക്ട് പേമെൻറ്—ഡെപ്യൂട്ടി ഡയറക്ടർ ആപ്പീസുകാരുടെ ദുർനയവും മുരട്ടൻ മനോഭാവവും കൊണ്ട് മാസാരംഭത്തിൽ, എത്തിയ തീയതിക്കു ശമ്പളം കിട്ടാതെയും; മററു പി. എഫ്. ലോൺ, ഡി. എം കുടിശ്ശിക തുടങ്ങിയ കാര്യങ്ങളിലെ പലവക കുഴച്ചിൽ കൊണ്ടും നമുക്ക് ആ വ്യവസ്ഥ കച്ചു തുടങ്ങിയിരിക്കുന്നു. എന്നാൽ, മൂന്നും നാലും മാസം ശമ്പളമില്ലാതെ, ഒപ്പിട്ടസംഖ്യ തികച്ചു കിട്ടാതെ, സർവ്വീസ്സ് കാര്യങ്ങളിൽ ഒരു ചിട്ടയുമില്ലാതെ കഴിഞ്ഞനാളുകൾ ഡയറക്ട് പേമെൻറ് വന്നതോടെ മറന്നുപോയ ചരിത്രമായി. പ്രൈവററ് കോളേജധ്യാപകന് പോയ കാലത്ത് ലഭിച്ച മഹാനുഗ്രഹം ഡയറക്ട് പേമെൻറ് തന്നെ.

1958-ൽ കേരളത്തിലെ പ്രൈവററ് സ്കൂൾ അധ്യാപകർക്ക് ഡയറക്ട് പേമെൻറ് കിട്ടി. പ്രൈവററ് കോളേജ് അധ്യാപകർ അന്നേ വമ്പിച്ച ഒരു സംഘടിത ശക്തിയായിരുന്നു. അവർ പറഞ്ഞത് നിയമമാക്കാൻ ഒരു ഗവൺമെൻറുണ്ടായി. അക്കാലത്ത് നമ്മുടെ സ്ഥിതി; ഒരു സംഘടനയുണ്ടാക്കുന്നതിനെപ്പററി ആലോചിക്കാൻ പോലും വയ്യാത്തതായിരുന്നു. എൺപതും നൂറും വാങ്ങി, ഇംക്രിമെൻറും ഡി ഏ യും; സ്ഥിരപ്പെടുത്തലും ഉദ്യോഗത്തിന് ഉറപ്പും ഇല്ലാതെ പ്രൈവററ് കോളേജധ്യാപകർ തിണ്ടാടിനടന്നു.

പർവ്വതാകാരം പൂണ്ടുനിന്ന ആ ദുരിതങ്ങളുടെ കൂമ്പാരത്തിൽ നിന്നാണ് നമ്മുടെ സംഘടനയാകുന്ന അരുവിയൊഴുകാൻ തുടങ്ങുന്നത്. ഒരു ചെറിയ നീർച്ചാലായിത്തുടങ്ങി ഇന്നത് വലിയൊരു പ്രവാഹമായിരിക്കുന്നു സ്വകാര്യകോളേജ് അധ്യാപകരുടെ ജീവിതമാകുന്ന വയലുകൾക്കെല്ലാം അത് ആശ്വാസത്തിൻെറയും അവകാശങ്ങളുടെയും കളിർനീർ പകർന്നു. പ്രൈവററ് കോളേജധ്യാപകൻെറ കരുത്ത് — അഭിമാനം — അതിൻെറ മറെറാരു പേരാണ് ഏ. കെ. പി. സി. ടി. ഏ.

ഏ.കെ.പി.സി.ടി.ഏ. യുടെ ഈ ജൂബിലി ആഘോഷം പഴയനാളുകളെപ്പററി ഓർക്കാൻ നമുക്ക് അവസരം നൽകുന്നു. നാം എവിടെ ആയിരുന്നു ? നാം എവിടെ നിന്ന് യാത്രതിരിച്ചതാണ് ? പോയ കാലത്തിലെ ഒരു നിശ്ചിതമുഹൂർത്തവും, ഇന്നും—രണ്ടിനും ഇടയ്ക്ക് ഇരുപത്തഞ്ച് കൊല്ലത്തിൻെറ ദൈർഘ്യം ; രണ്ടും കണ്ടിട്ടുള്ളവർക്കറിയാം നാം നേടിയതെന്തെല്ലാമെന്ന് ? രണ്ടും കാണാൻ അവസരമുണ്ടാകാതെ പോയ ഭാഗ്യവാൻമാർ അറിവിൻെറയും അനുഭവത്തിൻെയും പൂർണ്ണതയ്ക്ക് വേണ്ടി ആ പഴയനാളുകളെപ്പററി പഠിക്കട്ടെ. ജൂബിലി അതിന് സൗകര്യം നൽകുന്നു.

ഡിസംബർ 11 ന് കേരളത്തിൻെറ എല്ലാ ഭാഗത്തു നിന്നും പ്രൈവററ് കോളേജധ്യാപകർ കോഴിക്കോട്ടെത്തണം. നമ്മുടെ സംഘടനാപരമായ ശക്തിയും ഐക്യവും സമര സന്നദ്ധതയും വിളംബരം ചെയ്യാനാണത്. നമുക്ക് ഇനിയും നേടേണ്ടകാര്യങ്ങളുണ്ട്. പുതിയ വെല്ലുവിളികളുമുണ്ട്. ഏററവും വലിയവെല്ലുവിളി ഇന്ന് കോട്ടയം ഗാന്ധിജി യൂണിവേഴ്സിററി ഓർഡിനൻസാണ്. അതു തിരുത്തി എഴുതിപ്പിച്ചേപററൂ. നമ്മുടെ ഏററവും വലിയ വേദം യു ജി.സി. സ്കെയിൽസംബന്ധിച്ചുള്ളതാണ്. അതു നമ്മുടെ അവകാശമാണ്. നാമത് കൈവിടില്ല. ഒന്നാം ഗ്രേഡ് പ്രൊഫസ്സർ തസ്തിക ഇനിയും കയ്യിൽ കിട്ടിയില്ല — ചുവപ്പുനാടയിൽ അത് കുരുങ്ങികിടക്കുന്നു. ഗവൺമെൻറും യൂണിവേഴ്സിററിയും ഒരുപോലെ കുററക്കാരാണതിൽ ജൂനിയർ ലക്ചററർ തസ്തികതുടരുന്നു. അതു റദ്ദാക്കാനുള്ള പ്രക്ഷോഭണം തുടരേണ്ടതുണ്ട്: ഗവർമെൻറ് വാക്കു പാലിക്കണം.

ജൂബിലി വേള ഇതിനൊക്കെ ഉള്ളതാണ്. കോഴിക്കോട്ട് ഒന്നിച്ചുനിന്ന് ഇതു സംബന്ധിച്ച നമ്മുടെ ദൃഢനിശ്ചയം പുനഃപ്രഖ്യാപനം ചെയ്യുക. ഓരോ കോളേജധ്യാപകനും കോഴിക്കോട്ട് ഒന്നിക്കട്ടെ. □

# ചരൽക്കുന്ന് ക്യാമ്പ്

കേരളത്തിലെ പ്രൈവററ് കോളേജധ്യാപകരുടെ സംഘടിതപ്രസ്ഥാനമായ എ. കെ. പി. സി. ടി. എ. രജതജൂബിലി ആഘോഷിയ്ക്കുന്ന വർഷമാണിത്. പിന്നിട്ട ഇരുപത്തിഅഞ്ചു വർഷത്തെക്കുറിച്ചും ഭാവി പ്രവർത്തനശൈലിയെക്കുറിച്ചും വിശദമായി ചർച്ചചെയ്യാൻ നവംബർ 4, 5 തീയതികളിൽ ചരൽക്കുന്നിൽ നടന്ന പ്രവർത്തക ക്യാമ്പ് അവസരമൊരുക്കി.

കേരളത്തിന്റെ തെക്കുമുതൽ വടക്കററം വരെയുള്ള വിവിധകോളേജുകളിൽ നിന്നെത്തിയ 150 എ.കെ. പി. സി. ടി. എ. പ്രവർത്തകരുടെ ഒരുമിച്ചുള്ള മുദ്രാവാക്യം വിളിയുടെ അന്തരീക്ഷത്തിൽ പ്രസിഡൻറ് പതാക ഉയർത്തി. ക്യാമ്പ് ആരംഭിക്കുകയായി. ജനറൽസെക്രട്ടറി പ്രൊഫസർ. എൻ. എം. ജോസഫ് എല്ലാവരേയും ക്യാമ്പിലേയ്ക്ക് സ്വാഗതം ചെയ്തു. കേരളത്തിലെ ഭൂരിപക്ഷം കോളേജധ്യാപകരുടേയും പിന്തുണയുള്ള എ. കെ. പി. സി. ടി. എ യ്ക്ക് അതനുസരിച്ചുള്ള ഉത്തരവാദിത്വവും വർദ്ധിച്ചിട്ടുണ്ടെന്ന് ഓർമ്മിപ്പിച്ചുകൊണ്ടാണ് പ്രൊഫ. എം. ആർ. ചന്ദ്രശേഖരൻ ക്യാമ്പിന്റെ ഉൽഘാടനം നിർവ്വഹിച്ചത്. സംഘടനാ പ്രവർത്തകർക്ക് അടുത്തറിയാനും ഭാവിപ്രവർത്തനങ്ങൾ ആവേശത്തോടെ മുന്നോട്ടുകൊണ്ടുപോകുവാനും പ്രവർത്തക ക്യാമ്പ് സഹായകമാകുമെന്ന് അദ്ദേഹം പറഞ്ഞു.

പ്രൊഫ. ആർ. ആർ. സി. നായരാണ് ക്യാമ്പിലെ ഒന്നാമത്തെ ക്ലാസ് എടുത്തത്. കഴിഞ്ഞ 25 വർഷത്തെ എ. കെ.പി.സി.ടി. എ. ചരിത്രം—സമരങ്ങളുടെ ചരിത്രം—ആസമരങ്ങളിൽ പ്രധാനപങ്കുവിഹിച്ചിട്ടുള്ള പ്രൊഫ. ആർ. ആർ. സി. വിശദീകരിച്ചു. വ്യക്തിപരമായ പ്രവർത്തനളുടെ നേട്ടങ്ങളായി സംഘടനാ ചരിത്രത്തെ വിലയിരുത്തരുതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. താല്പര്യങ്ങളുടെ സംഘട്ടനങ്ങളാണ് നടന്നിട്ടുള്ളത്. അതിനായുള്ള പോരാട്ടമാണ് സംഘടനയുടെ ചരിത്രം. ഓരോ കാലഘട്ടത്തിലും സംഘടന സ്വീകരിച്ചിട്ടുള്ള സമരരീതികളുംകൈവരിച്ച നേട്ടങ്ങളും പ്രൊഫ.ആർ. ആർ. സി. വിശദീകരിച്ചു.

സംഘടനാ പ്രവർത്തനം എങ്ങനെ നടത്തണം? പ്രൊഫ. എം. ആർ. സി. അതേക്കുറിച്ചെടുത്ത ക്ലാസാണ് രണ്ടാമതായി നടന്നത്. അധ്യാപകരുടെ എണ്ണം വർദ്ധിച്ചിരിക്കുന്നു. പ്രൈവററ് കോളേജധ്യാപകർ തന്നെ പതിനോരായിരത്തിലധികം. ഇതിനനുസരിച്ച് സംഘടനയുടെ വലിപ്പം കൂട്ടണം. അതിനായി പ്ലാൻ ചെയ്ത് പ്രവർത്തനങ്ങൾ നീക്കണം. എങ്കിലേ ഈ രംഗത്ത് വിജിയിക്കാനാകൂ.—എം. ആർ. സി. വിശദീകരിച്ചു.

എ. കെ. പി. സി. ടി. എ യുടെ പോരാട്ടങ്ങളുടെ ഫലം കൂടി ഉൾക്കൊള്ളുന്നതാണ് കേരള—കാലിക്കട്ട്യൂണിവേഴ്സിററി ആക്ടുകൾ. ഈ ആക്ടുകളുടെ പ്രത്യേകതകൾ വിശദീകരിക്കുന്നതായിരുന്നു പ്രൊഫ. ഐ. ജി. ഭാസ്കരപണിക്കരുടെ ക്ളാസ്. സംഘടനാപ്രവർത്തകർ അവശ്യം അറിഞ്ഞിരിക്കേണ്ട നിരവധി കാര്യങ്ങൾ ഐ. ജി. ബി. വിശദീകരിച്ചു.

ഓരോ ബ്രാഞ്ചിൽ നിന്നും എത്തിയ അംഗങ്ങൾ, ഉന്നയിച്ച പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരനിർദ്ദേശങ്ങളുമടങ്ങുന്ന ചർച്ചയായിരുന്നു ക്യാമ്പിന്റെ ഒന്നാമത്തെ ദിവസം ഒടുവിൽ നടന്നത്. അംഗങ്ങൾക്കുള്ള സംശയങ്ങൾ മറുപടികൾ—ക്യാമ്പ് ഏറെ സജീവമായ സമയമായിരുന്നു അത്.

പ്രൊഫ. നാരായണൻകുട്ടിയുടെ ക്ലാസ്സോടെയാണ് ക്യാമ്പിന്റെ രണ്ടാം ദിവസം ആരംഭിച്ചത്. റിട്ടയർമെൻറാനുകൂല്യങ്ങൾ, ഗ്രാററുവിററി, പ്രോവിഡൻറ്ഫണ്ട് എന്നിവയെക്കുറിച്ച്അംഗങ്ങൾ അറിഞ്ഞിരിക്കേണ്ട എല്ലാകാര്യ

ങ്ങളുമുൾക്കൊള്ളുന്ന വിജ്ഞാനപ്രദമായ ക്ലാസ്.

സംഘടനാപ്രവർത്തകർക്കുണ്ടായിരിക്കേണ്ട പൊതുവായ കാഴ്ചപ്പാട് എന്തായിരിക്കണം? ട്രേഡ് യൂണിയൻ രംഗത്തെ ശ്രദ്ധേയനായ നേതാവ് ശ്രീ. കെ. എൻ. രവീന്ദ്രനാഥിന്റെ ക്ലാസ്. ട്രേഡ് യൂണിയൻ രംഗം ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും അവയോട് പ്രവർത്തകർക്കുണ്ടായിരിക്കേണ്ട സമീപനവും ശ്രീ. രവീന്ദ്രനാഥ് വിശദീകരിച്ചു. എത്രശമ്പളം കിട്ടുന്നുണ്ട് എന്നതല്ല കിട്ടുന്ന ശമ്പളം കൊണ്ടു ജീവിക്കാൻ കഴിയുന്നുണ്ടോ എന്നതാണ് പ്രശ്നം. ഉള്ള തൊഴിലിനു തന്നെ സ്ഥിരതയില്ല. 35000 ഫാക്ടറികളാണ് ഇന്ത്യയൊട്ടുക്കും അടഞ്ഞുകിടക്കുന്നത്. എല്ലാ രംഗത്തും ഇതു ബാധിക്കുന്നുണ്ട്. പിരിച്ചുവിടലുകളും ഫാക്ടറി പൂട്ടലുകളും അനുദിനം വർദ്ധിച്ചു വരികയാണ്. മാവൂർ ഗ്വാളിയർ റയോൺസിലെ തൊഴിലാളി 'ഉന്നത ശമ്പള വേതനത്തുരുത്തിൽ (High wage Island) പ്പെട്ടവരാണെന്നാണ് പറയാറുള്ളത്. ഇന്നത്തെ സ്ഥിതി എന്താണ്? കേന്ദ്ര ഗവർമെന്റ് പൾപ്പ് ഇറക്കുമതി ചെയ്യാൻ അനുവാദം നൽകിയതിന്റെ പേരിൽ ഗ്വാളിയർ റയോൺസിലെ പ്ലാന്റുകൾഓരോന്നായി പൂട്ടിക്കൊണ്ടിരിക്കയാണ്. തൊഴിലാളി ജോലിയില്ലാത്തവനായി പുറത്തുപോകേണ്ടിവരുന്നു ഇപ്പോൾ അവിടത്തെ തൊഴിലാളികൾ കേന്ദ്രഗവർമെന്റിന്റെ ഇറക്കുമതിനയം തിരുത്തണമെന്ന മുദ്രാവാക്യമാണ് വിളിയ്ക്കുന്നത്. ഇതിൽനിന്നും, തൊഴിലാളികളുടെ സാമ്പത്തിക ആവശ്യങ്ങൾ സർക്കാരിന്റെ നയങ്ങളുമായി ബന്ധപ്പെട്ടിരിയ്ക്കുന്നുവെന്ന് നമുക്കു മനസ്സിലാക്കാം. അതുകൊണ്ട് ആ നയങ്ങൾ തിരുത്തിക്കുറിച്ചാലല്ലാതെ ആത്യന്തികമായ മോചനം തൊഴിലാളികൾക്കുണ്ടാവില്ല. ഇന്നുള്ളത് കൂലി അടിമത്തം (wage slavery) ആണ്. ഇതവസാനിപ്പിക്കാൻ ശാസ്ത്രീയ സോഷ്യലിസത്തിന്റെ പാത സൃഷ്ടിക്കണം. അതിനായി പ്രവർത്തിക്കാനുള്ള ബോധനിലവാരം തൊഴിലാളിയ്ക്കുണ്ടാകണം. ജാതി—മത ചിന്താഗതികൾ മാററിവച്ച്, നയപരമായ ഐക്യം സ്ഥാപിച്ച് മുന്നേറിയാലേ ഇന്നുള്ള പ്രതിസന്ധി പരിഹരിക്കാൻ കഴിയൂ. താൻ ജോലിചെയ്യുന്ന സ്ഥാപനത്തിലെ തൊഴിലാളികളുടെ ഐക്യം എന്ന ബോധം, എല്ലാ തൊഴിലാളികളുടേയും ഐക്യം എന്ന തലത്തിലേയ്ക്കു വളരുകയും അത് ദേശീയബോധമായി വികസിക്കുകയും വേണം. അപ്പോൾ മാത്രമേ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ. ഈ രംഗത്തു സ്വീകരിക്കുന്ന നിഷ്പക്ഷത നല്ലതല്ല. നിലനിൽക്കുന്ന കുഴപ്പങ്ങൾ, അങ്ങനെ തന്നെ തുടർന്നു കൊള്ളട്ടെ എന്ന 'പക്ഷ'മായിരിക്കും ഇന്നത്തെ നിഷ്പക്ഷത. സ്വതന്ത്രമായി ചിന്തിച്ച് പ്രശ്നങ്ങൾ മനസ്സിലാക്കാനും അതുപരിഹരിക്കുന്നതിനുള്ള ഉത്തരവാദിത്വം ഏറെറടുക്കുവാനും തൊഴിലാളികളും മററു ജീവനക്കാരും തയ്യാറാകണം—ശ്രീ. രവീന്ദ്രനാഥ് ക്ലാസ് ഉപസംഹരിച്ചു.

നിയമനങ്ങൾ, പ്രൊമോഷൻ, പ്രൊബേഷൻ—ഇവയുടെയൊക്കെ നിബന്ധനകൾ അധ്യാപകർ അറിഞ്ഞിരിക്കണം. അങ്ങനെയല്ലെങ്കിൽ വരുന്ന കുഴപ്പങ്ങളുടെ നിരവധി ഉദാഹരണങ്ങൾ നിരത്തിവച്ചുകൊണ്ടാണ് പ്രൊഫ. ടി. ഗോപാലകൃഷ്ണൻ ക്ലാസാരംഭിച്ചത്. യൂണിവേഴ്സിററി സ്ററാററ്യൂട്ട്സ്, ഓർഡിനൻസസ്, റെഗുലേഷൻസ് എന്നിവയെക്കുറിച്ച് വിശദമായിത്തന്നെ പ്രൊഫ. ടി. ജി. ക്ലാസ്സെടുത്തു. യൂണിവേർസിററി സമിതികളിലെ പ്രവർത്തനങ്ങളെക്കുറിച്ചായിരുന്നു പ്രൊഫ. കെ. സി. ചാക്കോയുടെ ക്ലാസ്. അധ്യാപകസംഘടനകളും, പുരോഗമനപ്രസ്ഥാനങ്ങളുംകൂടിച്ചേർന്ന് യൂണിവേഴ്സിററി സമിതികളിൽ നടത്തിയപ്രവർത്തനങ്ങൾ സ്വന്തം അനുഭവത്തിലൂടെ പ്രൊഫ. ചാക്കോ വിശദീകരിച്ചു.

അധ്യാപകരുടെ ശക്തമായ പ്രതിഷേധത്തിനു വിധേയമായിട്ടുള്ള ഗാന്ധിജി യൂണിവേഴ്സിററിഓർഡിനൻസിന്റെഅപകടം വിശദമാക്കുന്നതായിരുന്നു പ്രൊഫ. എം. ആർ. ചന്ദ്രശേഖരന്റെ ക്ലാസ്. ഇതുസംബന്ധമായി ഒരു ലഘുലേഖയും അംഗങ്ങൾക്ക നൽകി.

(ശേഷം 24—ാം പേജിൽ)

# ഗാന്ധിജി യൂണിവേഴ്സിററി ഓഡിനൻസ്

സിൻഡിക്കേററിൽ ഗവൺമെൻറ് ആപ്പീസറൻമാരുടെ എണ്ണം കൂട്ടുകയും, സെനററിൽ അധ്യാപകരുടെ എണ്ണം കുറക്കുയുകയും, വൈസ് ചാൻസലറെയും ഉദ്യോഗസ്ഥൻമാരല്ലാത്ത സിൻഡിക്കേററ് അംഗങ്ങളെയും നിസ്തേജരാക്കുകയും പ്രൈവററ് കോളേജധ്യാപകരെ ജോലിയിൽ നിന്ന് പുറം തള്ളാനുള്ള പല ഉപായങ്ങരം നിർദ്ദേശിക്കുകയും ചെയ്തതാണ് കേരള—കലിക്കററ് യൂണിവേഴ്സിററി ആക്ടുകളെ അപേക്ഷിച്ച് കോട്ടയം ഗാന്ധിജി യൂണിവേഴ്സിററി ഓഡിനൻസിൽ ഗവൺമെൻറ് നടപ്പാക്കിയിട്ടുള്ള പരിഷ്കാരം.

ഓഡിനൻസിലെ പരിഛേദം 12, 13, 14, യാഥാക്രമം യൂണിവേഴ്സിററി രജിസ്ട്രാറെയും, പരിക്ഷാകൺട്രോളറെയും, ഫിനാൻസ് ആപ്പീസറെയും നിയമിക്കാനുള്ള വ്യവസ്ഥകരം ആണ്. കേരള—കാലിക്കററ് യൂണിവേഴ്സിററികളിൽ ഈ ഉദ്യോഗസ്ഥൻമാരെ നിയമിക്കാനുള്ള അധികാരം സിൻഡിക്കേററിനാണ്. എന്നാൽ, ഗാന്ധിജി യൂണിവേഴ്സിററി ഓർഡിനൻസിൽ പറയുന്നത് സിൻഡിക്കേററ് തയ്യാറാക്കുന്ന മൂന്നു പേരുള്ള പാനലിൽ നിന്ന്, ഗവൺമെൻറ് തെരഞ്ഞെടുത്ത്, ഈ ഓരോ ഉദ്യോഗസ്ഥനെയും സിൻഡിക്കേററ് നിയമിക്കണമെന്നാണ്. സിൻഡിക്കേററിനെ ഗവൺമെൻറ് അവിശ്വസിക്കുന്നു എന്നാണ് ഇതിൻെറ സാരം.

പരിഛേദം 17—ൽ സെനററംഗങ്ങളെപ്പററി പറയുന്നു: 124 അംഗങ്ങളുള്ള സെനററിൽ പ്രൈവററ് കോളേജധ്യാപകരുടെ എണ്ണം 12 ആണ്. കേരള-കലിക്കററ് സെനററിൽ മൊത്തം അംഗങ്ങളുടെ എണ്ണം 26 ആയിരിക്കെ പ്രൈവററ് കോളേജ് അധ്യാപകരുടെ എണ്ണം 16 ആണ്. ഗവൺമെൻറ് കോളേജ് അധ്യാപകരുടെ എണ്ണം അഞ്ചിൽ നിന്നും മൂന്നായി ചുരുക്കിയിട്ടുണ്ട്. അതേസമയം പ്രിൻസിപ്പൽമാരുടെ എണ്ണം ഏഴിൽ നിന്ന് 11 ആയി വർദ്ധിപ്പിച്ചു. രജിസ്ററർ ചെയ്ത ഗ്രാജ്ജുവേററുകളുടെ എണ്ണം 20—ൽ നിന്നു 25 ആയി വർദ്ധിച്ചിട്ടുണ്ട്. ഗവൺമെൻറിൻെറ ഏതാണ്ടെല്ലാ മേലുദ്യോഗസ്ഥൻമാരും ഇപ്പോരം സെനററിൽ അംഗങ്ങളാണ്. ഉദ്യോഗസ്ഥൻമാർക്കും നിക്ഷിപ്ത താല്പര്യങ്ങളുടെ പ്രതിനിധികരംക്കും മേൽക്കൈയുള്ള ഒരു സമിതിയായിരിക്കും കോട്ടയം ഗാന്ധിജി സെനററ്.

പരിഛേദം 21 സിൻഡിക്കേററിനെ പററിയുള്ളതാണ്. പുതുതായി നാല് ഉദ്യോഗസ്ഥൻമാർക്കും ഒരു പട്ടികജാതി പ്രതിനിധിക്കും സ്ഥാനം നൽകി സിൻഡിക്കേററ് അംഗങ്ങളുടെ എണ്ണം 18 ൽ നിന്ന് 23 ആയി വർദ്ധിപ്പിച്ചു. വർദ്ധനയുടെ ഗുണം മുഴുവൻ ഗവൺമെൻറ് ആപ്പീസറൻമാർക്കാകയാൽ, സിൻഡിക്കേററിലെ ജനാധിപത്യാശയത്തിന് ശോഷണം സംഭവിച്ചു. ഫിനാൻസ് സെക്രട്ടറി, ലോസെക്രട്ടറി ടെക്നിക്കൽഎജുക്കേഷൻ ഡയറക്ടർ, മെഡിക്കൽ എജുക്കേഷൻ ഡയറക്ടർ എന്നിവർക്കാണ് സിൻ

**എം. ആർ. ചന്ദ്രശേഖരൻ**

ഡിക്കേററിൽ പുതുതായി സ്ഥാനം ലഭിച്ചിട്ടുള്ളത്. ഹയർ എജൂക്കേഷൻ സെക്രട്ടറി ക്രട്ടറി, വിദ്യാഭ്യാസ ഡയറക്ടർ, കൊളേജിയററ് ഡയറക്ടർ എന്നിവർ മുൻപേ ഉള്ളവരാണ്. വൈസ് ചാൻസിലറെയും, പ്രോ-വൈസ് ചാൻസിലറെയും ചേർത്ത് പറഞ്ഞാൽ സിൻഡിക്കേററിലെ ഉദ്യോഗസ്ഥൻമാരുടെ എണ്ണം ഒമ്പത്. അതാതു കാലത്തെ ഭരണകക്ഷികളുടെ പ്രതിനിധികൾക്ക് സിൻഡിക്കേററിൽ സ്ഥാനം ലഭിച്ചിരിക്കണമല്ലോ. കോട്ടയം യൂണിവേഴ്സിററി സിൻഡിക്കേററ് എക്കാലത്തും ഗവർമെൻറ് എറാൻമൂളികളുടെ ഒരു സംഘമായിരിക്കും. സംശയമില്ല.

ഗാന്ധിജി യൂണിവേഴ്സിററിയിലെ ഉദ്യോഗസ്ഥനിയമന വ്യവസ്ഥകൾ വിചിത്രമാണ്. പരിഛേദം 79 ൽ സെലക്ഷൻ കമ്മിററികളെപ്പററിപറയുന്നു. പ്രൊഫസറെ തെരഞ്ഞെടുക്കുന്ന കമ്മററിയിൽ വൈസ് ചാൻസിലറും ചാൻസിലർ, നാമനിർദ്ദേശം ചെയ്യുന്ന ഒരു ഉദ്ദ്യോഗസ്ഥ-സിൻഡിക്കേററംഗവും ചാൻസലർ തന്നെ നിർദേശിക്കുന്ന രണ്ടു സബ്ജക്ട് വിദഗ്ധൻമാരുമാണ് ഉണ്ടാവുക. റീഡറെയും ലക്ചററെയും തെരഞ്ഞെടുക്കുന്ന കമ്മററിയിൽ വൈസ് ചാൻസിലറും ചാൻസിലർ നാമ നിർദ്ദേശം ചെയ്യുന്ന ഒരു ഉദ്യോഗസ്ഥ-സിൻഡിക്കേററംഗവും ചാൻസിലർതന്നെ നിർദേശിക്കുന്ന ഒരു സബ്ജക്ട് വിദഗ്ദ്ധനും വകുപ്പുതലവനും ഉണ്ടായിരിക്കും. അധ്യാപകേതര ജീവനക്കാരെ തെരഞ്ഞെടുക്കുന്ന കമ്മററിയിൽ വൈസ്ചാൻസിലർ, രജിസ്ട്രാർ, ചാൻസിലർ നാമനിർദ്ദേശം ചെയ്യുന്ന ഒരു സിൻഡിക്കേററ് അംഗം എന്നിവരാണ് അംഗങ്ങൾ.

ഗവൺമെൻറിൻെറ മുൻക്കൂട്ടിയുള്ള അനുമതി കൂടാതെ 400കയിൽ കവിഞ്ഞശമ്പളമുള്ള യാതൊരു അധ്യാപകേതര തസ്തികയും യൂണിവേഴ്സിററിക്ക് നിർമിച്ചുകൂടാ. അധ്യാപക തസ്തികയായാലും, ബജററിൽ കൊള്ളിച്ചിട്ടുള്ളതല്ലെങ്കിൽ, അതിൻെറ നിർമാണത്തിന്ന് ഗവൺമെൻറിൻെറ മുൻകൂർ അനുമതി ഉണ്ടായിരിക്കണം.

സിൻഡിക്കേററിനെ പൊതുവിലും, സിൻഡിക്കേററിലെ ഉദ്യോഗസ്ഥൻമാരല്ലാത്ത അംഗങ്ങളെ പ്രത്യേകമായും ഗവൺമെൻറ് അവിശ്വസിക്കുന്നു എന്നാണ് മേൽപറഞ്ഞതിൻെറ അർത്ഥം. വൈസ് ചാൻസലറെ ഏൽപ്പിക്കേണ്ട കാര്യങ്ങളൊക്കെ ഗവർമെൻറ്, ഗവർണറുടെ മറവിൽ, കൈവശം വെക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ, കോട്ടയം ഓർഡിനൻസ് പ്രകാരം പ്രവർത്തിക്കുന്ന യൂണിവേഴ്സിററിയിൽ വൈസ് - ചാൻസിലറാകുന്നതും, സിൻഡിക്കേററിൽ ഉദ്യോഗസ്ഥേതരാംഗങ്ങളാകുന്നതും ഒരു വക നാണംകെട്ട പണിയാണ്. ദിവാൻമാരുടെ അധ്യക്ഷതയിൽ, ഉദ്യോഗസ്ഥൻമാർ ട്രഷറി ബഞ്ചിൽ ഇരുന്ന് നടത്തിയിരുന്ന, അംഗങ്ങൾക്ക അവകാശങ്ങളൊന്നുമില്ലായിരുന്ന, പണ്ടത്തെ കൊച്ചിയിലെയും തിരുവിതാംകൂറിലേയും പ്രജാസഭകളോട് കോട്ടയം യൂണിവേഴ്സിററി സെനററും സിൻഡിക്കേററും സാദൃശ്യം വഹിക്കുന്നു. സെനററിൻെറ യോഗങ്ങളിൽ സിൻഡിക്കേററിൻെറ കേസുകൾ ആരായിരിക്കും വാദിക്കുക? സെനററിലെ ട്രഷറിബഞ്ച് ആരായിരിക്കും? ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥ-സിൻഡിക്കേററംഗങ്ങളോ? അതിനെപ്പററിഓർഡിനൻസിൽ ഒന്നും പറഞ്ഞുകാണുന്നില്ല!

ഗാന്ധിജി യൂണിവേഴ്സിററി ഓഡിനൻസിൽ അധ്യാപകർക്ക് ആഹ്ലാദിക്കാവുന്ന ഒരു കാര്യവുമില്ല. അവരുടെ സെനററംഗത്വ സംഖ്യ കുറഞ്ഞു. പരീക്ഷാജോലി സംബന്ധിച്ച് രണ്ടുമാസത്തെ ശമ്പളം പിടിച്ചെടുക്കുന്ന കരിനിയമം തുടരുന്നു. (പരിഛേദം 88) താല്ക്കാലിക തസ്തികയിൽ നിയമിക്കപ്പെടുന്ന അധ്യാപകർക്ക് സ്ഥിരം തസ്തികകളിൻമേൽ അവകാശം നൽകുന്ന മുൻ വിദ്യാഭ്യാസമന്ത്രി ബേബിജോൺ നിയസഭയിൽ അവതരിപ്പിച്ച നിയമ ഭേദഗതിക്ക് തുല്യമായ ഒരു വ്യവസ്ഥയും ഓർഡിനൻസിൽ ഇല്ല. പല കോടതിവിധികൾകൊണ്ട് അസാധുവായിതീർന്ന ആക്ടിലെ വകപ്പുകൾ യഥാവിധി പരിഷ്ക്കരിച്ച് നിയമത്തിൽ ഉൾപ്പെടുത്തണമെന്ന അധ്യാപകരുടെ ചിരകാലാവശ്യത്തിന് ഗവർമെൻറ് ചെവികൊടുത്തതായി കാണുന്നില്ല. അതേസമയം അധ്യാപകരെ എങ്ങനെയൊക്കെ

ശിക്ഷിക്കാം അവരെ എങ്ങനെ തൊഴിൽ കള ഞ്ഞ് തെരുവിലേക്കെറിയാം എന്നതിനെ സം ബന്ധിച്ച് പകവച്ചുകൊണ്ടുള്ള പല വ്യവ സ്ഥകൾ, ഓഡിനൻസിൽ ഉൾപ്പെടുത്തിയി ട്ടുണ്ട്. ഓഡിനൻസിലെ 4 പരിഛേദങ്ങൾ അധ്യാപക മർദനത്തിന് മാത്രമായുള്ളതാണ്. 62, 71, 88, 89 എന്നിവ.

പരിഛേദം 62-ൽ പ്രൈവററ് കോളേജ് അധ്യാപകരുടെ മേൽ ശിക്ഷാ നടപടികൾ കൈക്കൊള്ളാനുള്ള അധികാരം ഗവൺമെൻറ് കൈയ്യാളുന്നു. അധ്യാപകരുടെ മേൽ കേസെടുക്കാം, അവരെ സസ്പൻറ് ചെയ്യാം, എല്ലാ വക ശിക്ഷകളും വിധിക്കാം എന്ന് ഈ വകുപ്പിൽ സ്പടിക സ്ഫുടമായി പറഞ്ഞു വെച്ചിരിക്കുന്നു. ഇത് കേരളത്തിൽ ഒരു പുതുമ തന്നെയാണ്. മുമ്പ് ഒരു യൂണി വേഴ്സിററി നിയമത്തിലും ഇമ്മാതിരി ഒരു വ്യവസ്ഥ ഉണ്ടായിരുന്നില്ല. പരിഛേദം 71ൽ അധ്യാപകർക്കു വേണ്ടി ഒരു പെരുമാററച്ചട്ടം ഉണ്ടാക്കുന്നതിനെപ്പററിയാണ് പറയുന്നത്. ചട്ടത്തിൽ എന്തൊക്കെയുണ്ടാകുമെന്ന് അറി യില്ല. എന്നാൽ ചട്ടത്തിലെ വ്യവസ്ഥകൾ ലംഘിച്ചാൽ ശിക്ഷിക്കുമെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. മേജർ പെനാൽററി നൽകമെന്നാണ് വ്യക്തമായി പറഞ്ഞിട്ടുള്ളത്. 'മേജർ പെനാൽററി'യെന്നാൽ ഉദ്യോഗത്തിൽ നിന്നും പുറംതള്ളലാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 88-ാം പരിഛേദം പരീക്ഷാജോലി അധ്യാ പകൻെറ ഡ്യൂട്ടിയാക്കിയിരിക്കുന്നു. പരീ ക്ഷാജോലിക്ക് വിസമ്മതിച്ചാൽ രണ്ടുമാസ ത്തെ ശമ്പളം പോകും. മററു ശിക്ഷകൾക്കു പുറമെയാണിത്. 89-ാം പരിഛേദമത്രെ വിചിത്രതരം : വിദ്യാർത്ഥികൾ പരീക്ഷ യിൽ ക്രമക്കേട് കാണിച്ചാൽ അധ്യാപകനെ ശിക്ഷിക്കാം-അധ്യാപകൻ അതിന് കൂട്ടാ യിരുന്നു എന്ന് പറഞ്ഞാൽ മതി. പരീക്ഷാ കടലാസുകൾ പരിശോധിക്കുന്നതിൽ കാല താമസം വരുത്തുകയോ ഉത്തരകടലാസുകൾ യൂണിവേഴ്സിററിക്ക് അയച്ചുകൊടുക്കാ തിരിക്കുകയോ ചെയ്താലും ശിക്ഷയുണ്ട്- മേജർ പെനാൽററി തന്നെ ; ഉദ്യോഗത്തിൽ നിന്ന് പുറം തള്ളും.

യൂണിവേഴ്സിററി, അധ്യാപകന് നൽകിയിട്ടുള്ള അധ്യാപകനെന്ന നിലക്കുള്ള അംഗീ കാരം പിൻവലിക്കുകയാണ് ശിക്ഷ നടപ്പാ ക്കുന്നതിൻെറ ഒരു രൂപം. ഗവൺമെൻറ്, കൊളേജിയററ്വകുപ്പ്, യൂണിവേഴ്സിററി, മാനേജർ എന്നിങ്ങനെ നാല് കൂട്ടർക്ക് പ്രൈ വററ് കോളേജധ്യാപകരുടെ നേരെ ശിക്ഷാ നടപടികൾ കൈക്കൊള്ളാം. 'ഗോദൈയെ ക്കാത്ത്' എന്ന നാടകത്തിലെ 'ലക്കി' എന്ന കഥാപാത്രത്തിൻെറ വിധിയായിരിക്കും കോട്ടയം ഗാന്ധിജി യൂണിവേഴ്സിററിക്ക് കീഴിലെ പ്രൈവററ് കോളേജധ്യാപകന് ഉണ്ടാവുക. കഴുത്തിൽ കയറും കയറ് പിടിച്ച ആളുടെ കയ്യിൽ ചാട്ടയും ചാട്ടഉപയോഗിക്കു ന്നതിൽ ലുബ്ധില്ലായ്മയും.

ഗവൺമെൻറും മന്ത്രിയും സൂചിപ്പിച്ചിട്ടു ള്ളത് കോട്ടയം ഗാന്ധിജി മോഡലിൽ കേരള-കാലിക്കററ് യുണിവേഴ്സിററി നിയ മങ്ങൾ പരിഷ്കരിക്കുമെന്നാണ്. അതിന് തക്കവിധത്തിൽ ഉപ നിയമങ്ങളും ഉണ്ടാകും. മാനേജരും യൂണിവേഴ്സിററിയും കോളേ ജിയററ് വകുപ്പും ഗവൺമെൻറും അധ്യാപ കരെ നായാടാൻ തുടങ്ങും. അതിനൊക്കെ നിയമസമിതിയും ഉണ്ടാകും.

ഇടതിങ്ങി നിറയുന്നു
നിയമങ്ങൾ, നീതികൾ
ഇടമില്ലിവർക്കൊന്ന്
കാലുകുത്താൻ.

എന്ന് അധ്യാപകർ കേഴേണ്ട സ്ഥിതി. കേര ളത്തിൽ ഇന്നോളം ഉണ്ടായിട്ടുള്ള യൂണിവേഴ് സിററി നിയമങ്ങൾ നിലവിലുള്ളവയെ അ പേക്ഷിച്ച് പുരോഗതിയുടെ പുതിയ ഘട്ട ങ്ങളും വാഗ്ദാനങ്ങളും ആയിരുന്നു. 1969-ലെ നിയമം അധ്യാപകർക്ക് ഉദ്യോഗ സുര ക്ഷിതത്വം നൽകി. ദീർഘകാലത്തെ സമര ങ്ങൾ മുഖേന പ്രൈവററ് കോളേജധ്യാപർഉ ണ്ടാക്കിയ നേട്ടങ്ങൾ ഗണനീയങ്ങളാണ്. അധ്യാ പകർ നേടിയതെല്ലാം ഒരൊററ തട്ടിന് തെറി പ്പിക്കാൻ മുതിരുകയാണ് കോട്ടയം ഓർഡി നൻസ് ചെയ്യുന്നത്.

(ശേഷം 28-ാം പേജിൽ)

# ഗാന്ധിജി യൂണിവേഴ്സിററി ഓർഡിനൻസ് അധ്യാപകർക്ക് ദ്രോഹകരം

**ഡോ. പി. എസ്. പണിക്കർ**

യു. ജി. സി. നിർദ്ദേശിച്ചിട്ടുള്ള മോഡൽ ബില്ലിന് കടകവിരുദ്ധമായി യൂണിവേഴ്സിററിയുടെ ഓട്ടോണമസ് സ്വഭാവം ഇല്ലാതാക്കി ഗവർമെൻറിൻറ ചൊൽപടിക്ക് നിർത്താനുതകും വണ്ണം ഉളള വകുപ്പുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഗാന്ധിജി യൂണിവേഴ്സിററി ഒർഡിനൻസ് കൊണ്ടുവന്ന കേരളഗവർമെൻറിൻെറ നടപടിയെഎൻ.എസ്.എസ് കോളേജ് ടീച്ചേഴ്സ് കോ–ഓർഡിനേഷൻ കൗൺസിൽ സെക്രട്ടറി ഡോ. പി. എസ്. പണിക്കർ തൻെറ പ്രസ്താവനയിൽ അപലപിച്ചു. വിദ്യാഭ്യാസമന്ത്രിയുടെ യൂണിവേഴ്സിററികളോടുള്ള ഇതഃപര്യന്തമുള്ള ബന്ധവും അധ്യാപക–വിദ്യാർത്ഥി വിഭാഗങ്ങൾ ഈ കാര്യത്തിലിറക്കിയ പ്രതിഷേധങ്ങളോടുള്ള അദ്ദേഹത്തിൻെറ പ്രതികരണവും അഭ്യൂഹങ്ങൾ സ്ഥിരീകരിക്കുന്നു. അധ്യാപകരെശിക്ഷിക്കുന്നതിന് വകുപ്പുകൾ എഴുതിചേർത്ത മന്ത്രി അഴിമതി കാട്ടുന്ന മാനേജുമെൻറുകളെ നിലയ്ക്കു നിർത്താൻ മുതിർന്നിട്ടില്ല എന്നു മാത്രമല്ല യൂണിവേഴ്സിററി സമിതികളിൽ മാനേജുമെൻറുകൾക്കുള്ള പ്രാതിനിധ്യം വർദ്ധിപ്പിച്ചിരിക്കുന്നു. അധ്യാപകരുടെ സ്ഥലംമാററം നിയന്ത്രിക്കാത്ത സാഹചര്യത്തിൽ കോർപ്പറേററ് മാനേജുമെൻറുകളുടെ കീഴിലുള്ള കോളേജധ്യാപകരെ സംബന്ധിച്ചിടത്തോളം പുതിയ യൂണിവേഴ്സിററി അവരുടെ സ്ഥലംമാററങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിന് മറെറാരുമാർഗ്ഗതടസ്സം സൃഷ്ടിക്കാൻ മാത്രമേ ഉപകരിക്കൂഎന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഇതുകൊണ്ടും അടങ്ങാതെ, കേരള–കാലിക്കററ് യൂണിവേഴ്സിററി നിയമങ്ങളും ഗാന്ധിജി യൂണിവേഴ്സിററി ഓർഡിനൻസിൻെറ ചുവട് പിടിച്ച് ഭേദഗതിവരുത്തുമെന്ന് വിദ്യാഭ്യാസമന്ത്രി മുന്നറിയിപ്പ് നൽകിയിരിക്കുന്നു. വിദ്യാഭ്യാസമന്ത്രി പിടിവാശി ഉപേക്ഷിച്ച് യൂണിവേഴ്സിററികളെ തനിയെ വിടണമെന്നും അല്ലാത്തപക്ഷം കോളേജധ്യാപകരെ അദ്ദേഹം പ്രക്ഷോഭത്തിലേക്ക് വലിച്ചിഴക്കുകയായിരിക്കും ചെയ്യുക എന്നും പ്രസ്താവനയിൽ പറയുന്നു. എ. കെ. ജി. സി. ടി. ജനറൽ സെക്രട്ടറി പ്രൊഫ. എം. കെ. മാധവൻനായരോട് അപമര്യാദയായി പെരുമാറിയ വിദ്യാഭ്യാസമന്ത്രിയുടെ നടപടിയിലും അദ്ദേഹം ശക്തിയായി പ്രതിഷേധിച്ചു.

---



## ദാമോദരന് ഡോക്ടറേററ്

തളിപ്പറമ്പ് സർസെയ്ദ് കോളേജധ്യാപകനും, എ. കെ. പി. സി. ടി. എ. യുടെ സജീവപ്രവർത്തകനുമായ വി. ദാമോദരന് കാലിക്കട്ട് സർവ്വകലാശാലയിൽ നിന്ന ഡോക്ടറേററു ലഭിച്ചു. "ഹിന്ദി നോവൽ സാഹിത്യത്തിൽ വർഗ്ഗബോധം" എന്നതായിരുന്നു അദ്ദേഹത്തിൻെറ ഗവേഷണവിഷയം.

# Note Submitted by the All Association to the Fourth

**introduction :**

It has been accepted by the eminent academics, all over the world, that the development of higher education of a country is very vital both for the modernisation of the conutry and for the development—more particularly, economic development—of the country. If higher education is to play the role which is expected of it, the crucial importance of the teacher has to be recognised. Teachers have a very vital role to play in any country, endeavouring to bring about rapid economic development in it and to modernise it with a view to making it prosperous. So it is imperative that a fairly sizable proportion of the most talented people-youngmen and women-should be attracted to the field of education and research by offering satisfactory conditions of work in which the teachers can be highly effective. Development of higher education should be given priority in any scheme for the development of a country. The scales of pay provided to teachers in Colleges and Universities should necessarily reflect the high priority given to higher education. It is common knowledge, the highly talented young men and women can be attracted to the field of higher education - to the teaching profession - only by offering reasonable emoluments, emoluments comparable to those provided to the members of the all India Services, sufficient for raising their economic, social and professional status. Also, the Society which stands to benefit through the development of higher education, should earnestly endeavour to retain the high talents in the field of higher education as dedicated, enthusiastic and conteded workers. It is important that only reasonable emoluments and satisfactory conditions of work can keep the teacher off financial and other kinds of worries and enable him to concentrate on improving scholarship, which in its turn, helps improve the standaid of higher education.

**To repeat :** It is higher education, the main instrument for bringing about changes in the desired direction, that conditions the quality of the people. The teacher is the main factor in the field of higher education and he should be put in such a financial position as will well enable him to put his heart into the job and

function at the highest level of his efficiency. The Society should find its way to pay the teacher adequately, to provide him opportunities for professional advancement and favourable conditions of work.

**2 The Pay Scales of Private College Teachers and Payment of salary to them.**

a) *Parity in scales and grade with Government College Teachers:*

It was because of the efforts made by the AKPCTA that the Government, grades with Government College teachers (the II pay commission made no recommendation as regards the Private College teachers' Pay scales). The Government on 21-11-1970 ordered that the scales of pay of Government College teachers would be made applicable to private college teachers w. e. f. 1-4-'70 (vide G. O. MS. 487/70/Edn; dated 21-11-'70) *Since then the emoluments and grades of Government College Teachers and that of Private College Teachers have been at par.* And the revised scales of pay, etc; sanctioned from time to time by the Government have been applicable to the staff of

# a Private College Teachers'

# la Pay Commission, 1983

by their order dated 1-2-1697 (G.O MS. 43/67/ Edn; dated 1-2-'67) revised the pay scales of private college teachers with effect from 1-4-1966, in order to establish parity in scales with their counterparts in Government Colleges. But, by G. O. (P) No. 290/69/Fin; dated 9-6-1969, the scales of pay of Government College teachers were further revised with effect from 1-7-1968 (on the basis of the recommendations of the II Pay Commission-V K. Velayudhan Commission 1968). The AKPCTA had to approach the Government agin and request them to re-establish parity in emoluments and Private Colleges also. (Vide G. O. (F) No. 91/74/Fin. dated 5-4-'74 and G. O. (P) 860/78/Fin; dated 16-12-''78).

b) *Introduction of the Scheme for the Direct Payment of Salary to the teaching and non-teaching staff of Private Colleges.*

As part of the settlement with the AKPCTA at the end of the Private College teachers' strike to press for their demand for the introduction of the system of direct payment of their salary by the Government, the Government decided to

introduce a scheme of direct payment of salary to the staff of private colleges, the Managements of which agreed to Government control in certain matters. (Vide G. O. MS. No. 185/72/Edn; dated 30-8-'72). A scheme for the purpose was evolved by the Government in consultation with the Universities, the representatives of private College Managements and of the teaching and non-teaching staff of Private Colleges. Accordingly, direct payment of salary to the staff commenced from 1-9-'72 (ie. from the salary for September, 1972).

Now, because of the adove mentioned facts ... (1) that the emoluments and grades of Government College teachers and those of private college teachers are at par and (2) that they are paid directly by the Government ... *the teachers of Private Colleges are now eligible to receive* all the benefits available to their counterparts in Government Colleges.

### 3. The 1973 U. G. C. Scales of Pay:

The Education Commission (1964-1966) expressed the view that "the problems facing the country in education or any other walk of life cannot be solved unless an appropriate national wage policy is evolved and enforced". The Committee, therefore, suggested fitting the emoluments of teachers of all categories into the over-all frame of a national wage policy. In the Resolution on the National policy of the Government of India it is stated thus: 'Of all factors which determine the quality of education and its contribution to national development, the teacher is undoubtedly the most important. ...... Teachers must, therefore, be accorded an honoured place in Society. Their emoluments and service conditions should be adequate and satisfactory..."

The University Grants Commission, which has been working since 1956 for bringing about uniformity in standard in the field of higher education in the country and a uniform scale of pay for the same category of teachers all over, took the above mentioned facts into consideration and constituted a committee-commmittee on "Governance of Universities and Colleges" - comprising eminent academics and presided over by Dr. S. N. Sen, the Vice-Chancellor of Calcutta University. The questions relating to the Service Conditions including pay hike were first examined in detail by this U. G. C. Committee and this Committee made its recommendations relating to the questions after wide and protracted discussion with the academic community and teachers' organisations of the country. The U. G C. "generally accepted" the recommendations made by the Sen Committee and evolved its proposals relating to pay scales broadly on the lines indicated by the Committee. The new pay scales evolved by the U. G. C were consistent with the scales pay recommend by the III Pay Commission. The scales of pay recommended by the U. G C. for teachers in Universities and affiliated Colleges were accepted by Government of India on 29-3-1974. It was also announced that the Scales would be introduced with retrospective effect from January 1 1973, the date from which the III Pay Commissions' recommendations were implemented. It was made clear by the Government of India that the idea of the Government was to bring the status of College and University teachers in India on a par with that of the Class I Officers and thereby attract high taleants to the field of higher education.

Ever since the Central Government accepted the U. G. C. Scales, the College teachers in Kerala have been demanding the implementaion of the U. G. C. Scales in the State. At the time of the *1973 'Pay revision'* in the State, the AKPCTA presented a Note to the Government in which the Association requested the State Government to implement in the State, the U. G. C. Scales with retrospective effect from 1-1-1973 (delinking the pay scales of college teachers from the State pay scales structure) with D.A. at Central Government rates, sanctioned with effect from 1-1-1973.

